# മുസ്‌ലിംകൾ അറിഞ്ഞിരിക്കൽ അനിവാര്യമായ കാര്യങ്ങൾ-3 :: ഇസ്‌ലാമിക ജീവിതത്തിൽ വിധി സ്വീകരിക്കേണ്ട പ്രഭവ കേന്ദ്രത്തിന്റെ ഏകത്വം കൊണ്ടുള്ള താൽപര്യം

ഇസ്‌ലാമിക ജീവിതത്തിൽ മതവിധികൾ സ്വീകരിക്കേണ്ട പ്രഭവകേന്ദ്രത്തിന്റെ ഏകത്വം സംബന്ധിച്ചുള്ള ഈ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ഒരു മുസ്‌ലിം, അല്ലാഹു അവതരിപ്പിച്ചതല്ലാത്ത മറ്റു വല്ല നിയമങ്ങൾ കൊണ്ടുള്ള വിധി തേടി പോവുക എന്നത് അതിൽ നിന്നുണ്ടാകുന്ന നിഫാക് (കാപട്യം) ആണെന്ന് നാം വിശ്വസിക്കുന്നത്. അങ്ങനെ ചെയ്യുന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങളുമായി യോജിച്ചു പോകുന്നതല്ല. അല്ലാഹു നിശ്ചയിച്ച മതവിധികൾക്കെതിരെ ഇറങ്ങിപ്പുറപ്പെടുന്നവൻ അത് വഴി ഇസ്‌ലാമിക മാർഗ്ഗത്തിൽ നിന്ന് മാർഗ്രഭ്രംശം സംഭവിച്ചവനാണ്. അല്ലാഹുവിനും അവന്റെ റസൂലിനുമല്ലാതെ മറ്റൊരാൾക്കും നിരുപാധികമായ അനുസരണം പാടില്ല. എന്നാൽ, മറ്റുള്ളവരെ അനുസരിക്കുക എന്നത് അത് വിധികർത്താവോ മതപണ്ഡിതനോ, ഭരണാധികാരിയോ, ഭർത്താവോ, പിതാവോ ആരാകട്ടെ, ആ അനുസരണം വഴി അല്ലാഹുവോട് അനുസരണക്കേട് സംഭവിക്കാൻ പാടില്ല എന്ന നിബന്ധനക്ക് വിധേയമായിക്കൊണ്ടേ പാടുള്ളൂ. അല്ലാഹുവിന്റെ റസൂലിന്റേതല്ലാത്ത ഏതൊരാളുടെ വാക്കിലും തള്ളേണ്ടതും കൊള്ളേണ്ടതുമുണ്ടാകും. മതപണ്ഡിതരെ പിന്തുടരുക എന്നത് അല്ലാഹുവിന്റെ മതത്തിന്റെ വിധികൾ മനസ്സിലാക്കാനുള്ള ഒരു മാർഗ്ഗം എന്ന നിലയിൽ മാത്രമാണ് ശരിയായ നടപടിയാകുന്നത്. വിട്ടുവീഴ്ച ചെയ്യാവുന്ന കാര്യങ്ങൾ, അനുവദനീയ വിഷയങ്ങൾ, ഗവേഷണാത്മക മസ്അലകൾ എന്നിങ്ങനെയുള്ള കാര്യങ്ങളുടെ വൃത്തത്തിൽപ്പെട്ട വിഷയങ്ങളിൽ മാത്രമേ കൂടിയാലോചനയുള്ളൂ. മതനിയമങ്ങളുമായി വൈരുദ്ധ്യത്തിലാകുന്ന വാക്കുകൾക്ക് പിന്നെയൊരു പരിഗണനയുമില്ല. ”നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകുവാനാണ് അവരുദ്ദേശിക്കുന്നത്. വാസ്തവത്തിൽ, ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപ്പിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴി തെറ്റിക്കുവാനുദ്ദേശിക്കുകയാണ്.” (നിസാഅ് 60) ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകാൻ ഉദ്ദേശിച്ചു കൊണ്ടിരിക്കുന്നവരുടെ വിശ്വാസം എന്നത് കേവലം ഒരു അവകാശവാദം മാത്രമാണ്. അത്തരക്കാരിൽ യഥാർത്ഥ വിശ്വാസം നിലനിൽക്കുന്നില്ലെന്ന് അല്ലാഹു പിന്നീട് സത്യം ചെയ്തുകൊണ്ട് പറഞ്ഞിട്ടുണ്ട്. അത് ഇപ്രകാരമാണ്. ”ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധി കൽപ്പിച്ചതിനെ പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും

ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല." (നിസാഅ് 65) മാതാപിതാക്കളോടുള്ള ബന്ധം സംബന്ധിച്ച് വിശുദ്ധ ക്വുർആൻ പറയുന്നു: "നിനക്ക് യാതൊരറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കു ചേർക്കുന്ന കാര്യത്തിൽ അവരിരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം നീ അവരെ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ല നിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗ്ഗം നീ പിന്തുടരുകയും ചെയ്യുക." (ലുക്വ്മാൻ 15) അപ്പോൾ, അവരെ രണ്ടുപേരെയും അനുസരിക്കുക എന്നത് അല്ലാഹുവിനോട് അനുസരണക്കേടാവുന്ന വിഷയത്തിലാകാൻ പാടില്ല. അല്ലാഹുവിൽ പങ്ക് ചേർക്കുക പോലെയുള്ള അവർ ഭംഗിയാക്കി കാണിക്കുന്ന മറ്റു കാര്യങ്ങളിലുമൊന്നും അവരെ അനുസരിക്കാൻ പാടില്ല. അല്ലാഹു(സു) പറയുന്നു: "സത്യവിശ്വാസികളേ! നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. അല്ലാഹുവന്റെ ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ." ( നിസാഅ് 59) അനുസരിക്കുക എന്ന വാക്കിനെ അല്ലാഹു ഈ ആയത്തിൽ രണ്ടുവട്ടം ആവർത്തിച്ചിരിക്കുന്നു. അല്ലാഹുവിനെ അനുസരിക്കുക എന്ന കൽപനയോടൊപ്പം റസൂലിനേയും അനുസരിക്കുക എന്നു പറഞ്ഞതിൽ നിന്ന് റസൂലിന് നൽകേണ്ട അനുസരണം സ്വതന്ത്ര അനുസരണമാണെന്ന് വന്നു. എന്നാൽ, കൈകാര്യ കർത്താക്കളോടുള്ള അനുസരണത്തെപ്പറ്റി പറഞ്ഞപ്പോൾ അനുസരിക്കുക എന്ന വാക്ക് ആവർത്തിച്ചില്ല എന്നതിൽ നിന്നും അവർക്കുള്ള അനുസരണം സ്വതന്ത്രവും നിരുപാധികവുമായ അനുസരണം അല്ലെന്നും മറിച്ച് അവർക്കുള്ള അനുസരണം അല്ലാഹുവിനും റസൂലിനുമുള്ള അനുസരണത്തിന്റെ അനുബന്ധമായി വരുന്ന അനുസരണമാണെന്നും വന്നു. ഉലുൽ അംറ് അഥവാ കൈകാര്യകർത്താക്കളുമായുള്ള ബന്ധം സംബന്ധിച്ച് നബി(സ്വ) പറഞ്ഞു: "കേട്ട് അനുസരിക്കുക എന്നത് ഒരു മുസ്‌ലിമിന്റെ മേൽ ബാധ്യതയാണ്. ആ കൽപന അല്ലാഹുവോടുള്ള അനുസരണക്കേട് ആകാത്ത കാലത്തോളം. (ഇനി) അല്ലാഹുവോടുള്ള അനുസരണക്കേട് വരുന്ന കാര്യമാണ് കൽപ്പിക്കപ്പെടുന്നതെങ്കിൽ അപ്പോഴത് കേൾക്കാനോ അനുസരിക്കാനോ പാടില്ല." (ബുഖാരി, മുസ്‌ലിം) അപ്രകാരം തന്നെ നബി(സ്വ) പറഞ്ഞു: "അല്ലാഹുവോടുള്ള അനുസരണക്കേടിന്റെ വിഷയത്തിൽ ഒരനുസരണമേ പാടില്ല. തീർച്ചയായും അനുസരണമെന്നത് സദാചാരങ്ങളിലേ പാടുള്ളൂ." (ബുഖാരി, മുസ്‌ലിം) ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹിൽ പറയുന്നു: "നബി(സ്വ)ക്ക് ശേഷം പിന്നീട് വന്ന നേതാക്കൻമാരൊക്കെ അറിവിൽ വിശ്വസ്തരായ ആളുകളുമായി കൂടിയാലോചാന നടത്താറുണ്ടായിരുന്നു. അനുവദനീയ കാര്യങ്ങളിൽ ഏറ്റവും ലളിതമായത് എടുക്കുന്നതിനു വേണ്ടി. വിശുദ്ധ ക്വുർആനിലൂടെയും തിരുസുന്നത്തിലൂടെയും ഒരു കാര്യം വ്യക്തമായാൽ പിന്നെ അത് വിട്ട് മറ്റൊന്നിലേക്കും അവരാരും മറി കടന്നിരുന്നില്ല. മദ്ധ്യവയസ്ക്കരിലും യുവാക്കളിലും പെട്ട 'കുർറാഉ'കളായിരുന്നു ഉമർ(റ)വിന്റെ കൂടിയാലോചനക്കാർ. എപ്പോഴും അല്ലാഹുവിന്റെ കിതാബിൽ പറഞ്ഞ പ്രകാരം ഉറച്ച് നിൽക്കുന്നവനായിരുന്നു അദ്ദേഹം. അല്ലാഹു അവതരിപ്പിച്ചതിന് തൊട്ട്

വിപരീതമായി വരുന്ന മനുഷ്യന്റെ 'ഹവ' (ദേഹേച്ഛ) അല്ലാഹുവിന്റ വിധി(ഹുക്മ്)കൾക്ക് നേരെ എതിർവശത്തുള്ളത് ജാഹിലിയ്യാ കാലത്തെ വിധികളുമല്ലാതെ മറ്റൊന്നല്ലെന്നാണ് അല്ലാഹു പറഞ്ഞതിൽ നിന്ന് മനസ്സിലാകുന്നത്. അല്ലാഹു പറയുന്നു: "ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ (ഹവ) മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗ്ഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിന്തുടർന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്?" (ക്വസസ്: 50) അല്ലാഹു വീണ്ടും പറയുന്നു: "(നബിയേ), പിന്നീട് നിന്നെ നാം (മത)കാര്യത്തിൽ ഒരു തെളിഞ്ഞ മാർഗത്തിലാക്കിയിരിക്കുന്നു. ആകയാൽ നീയതിനെ പിന്തുടരുക. അറിവില്ലാത്തവരുടെ തന്നിഷടങ്ങളെ നീ പിൻപറ്റരുത്." (ക്വസസ്: 18) അല്ലാഹു പറയുന്നു: "ജാഹിലിയ്യത്തിന്റെ (അനിസ്‌ലാമിക മാർഗത്തിന്റെ) വിധിയാണോ അവർ തേടുന്നത്? ആ ദൃഢവിശ്വാസികളായ ജനങ്ങൾക്ക് അല്ലാഹുവേക്കാൾ നല്ല വിധികർത്താവ് ആരാണുള്ളത്?" (മാഇദ 50) വിവരമില്ലാത്തവരായ ആളുകൾ ശറഇയായ കാര്യങ്ങളിൽ വിവരമുള്ളവനോട് ചോദിക്കുവാനാണ് കൽപ്പിക്കപ്പെട്ടത്. അല്ലാഹു പറഞ്ഞു: "നിങ്ങൾക്ക് അറിഞ്ഞുകൂടെങ്കിൽ (വേദം മുഖേന) ഉത്ബോധനം ലഭിച്ചവരോട് നിങ്ങൾ ചോദിച്ചു നോക്കുക. വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു)." (നഹ്ൽ 43, 44) വേദഗ്രന്ഥങ്ങളിലൂടെ വ്യക്തമായ അറിവു നേടിയവരുടെ അറിവു പരിഗണിച്ചു കൊണ്ടാണ് അവരോട് ചോദിക്കാൻ അല്ലാഹു കൽപിച്ചിരിക്കുന്നത്. അവരെ പിൻപറ്റുകയെന്നത് സാധുവായിത്തീരുന്നത് രണ്ട് സംഗതികളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. ഒന്ന്, വിശുദ്ധ ക്വുർആനിനേയും നബി(സ്വ)യുടെ ചര്യയേയും സംബന്ധിച്ച് അവർക്ക് അറിവുണ്ട്. രണ്ടാമതായി, അതനുസരിച്ചുള്ള അറിവും അനുഷ്ഠാനവുമായി അവർ നേരെ ചൊവ്വെ നിലക്കൊള്ളുന്നവരാണ്. വിശുദ്ധ ക്വുർആനിലേയും നബി(സ്വ)യുടെ ഹദീസുകളിലേയും മുഹ്കമാത്തുകൾ (സുവ്യക്ത ഖണ്ഡിത വാക്യങ്ങൾ) മനസ്സിലാക്കുന്ന കാര്യത്തിൽ സച്ചരിതരായ സലഫിന്റെ ധാരണകൾ പ്രമാണമാണ്. നബി(സ്വ)ക്ക് ലഭ്യമായിട്ടുള്ള അല്ലാഹുവിന്റെ സന്ദേശങ്ങൾ അനന്തര തലമുറക്ക് കൈമാറുന്നതിൽ വിശ്വസനീയമായ അവലംബങ്ങളാണ് സച്ചരിതരായ നമ്മുടെ പൂർവ്വികർ എന്ന് നാം വിശ്വസിക്കുന്ന പോലെ തന്നെ ക്വുർആനിലെയും ഹദീസിലേയും സുവ്യക്ത ഖണ്ഡിത വചനങ്ങളെ സംബന്ധിച്ച് ഏറ്റവും ശരിയായ ധരണയുള്ളവരും അവർ തന്നെയാണെന്ന് നാം വിശ്വസിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ അവരാണ് നമ്മുടെ മടക്കസ്ഥാനവും അവലംബവും. അവരിലൂടെ ഒരു ഇജ്മാഅ് (ഏകോപിത അഭിപ്രായം) സ്ഥിരപ്പെട്ടാൽ അത് നമുക്ക് അനിഷേധ്യമായ തെളിവാണ്. അവരെ മാറ്റി നിർത്തിക്കൊണ്ട് പ്രമാണങ്ങളെ മനസ്സിലാക്കാൻ സാധ്യമല്ല. അത് അനുവദനീയമല്ല. അല്ലാഹു പറഞ്ഞു: "തനിക്ക് സൻമാർഗ്ഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും അല്ലാഹുന്റെ റസൂലുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗ്ഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്കു തന്നെ നാം അവനെ തിരിച്ച് വിടുന്നതും നരകത്തിലിട്ട് നാം അവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം." (നിസാഅ് 115)

അല്ലാഹുവിന്റെ റസൂലിന്റെ മാർഗ്ഗം പിൻപറ്റുകയും അതിന് സത്യവിശ്വാസികളുടെ മാർഗ്ഗം അവലംബിക്കുകയും വേണമെന്നതാണ് മേൽവചനത്തിന്റെ താൽപര്യം. വഹ്‌യിന് സാക്ഷികളായ സ്വഹാബികളാണ് ഇവിടെ പ്രധാനമായി ഉദ്ദേശിക്കപ്പെടുന്നത്-ലേഖകൻ നബി(സ്വ) പറഞ്ഞതായി അബുദാവൂദ്-തിർമിദി ഉദ്ധരിക്കുന്നു. "നിങ്ങൾ എന്റെ ചര്യയെ മുറുകെ പിടിക്കുക. എന്റെ ശേഷം വരുന്ന സച്ചരിതരായ പിൻഗാമികളുടെ നടപടികളും നിങ്ങൾ മുറുകെ പിടിക്കുക. അതിനെ നിങ്ങൾ അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുക." നബി(സ്വ) പറഞ്ഞു: "എന്റെ ഉമ്മത്ത് എഴുപത്തി മൂന്ന് വിഭാഗമായി പിരിയും. ഒരു കൂട്ടരല്ലാത്തവരൊക്കെ നരകാവകാശികളാണ്. അവർ ആ (ജമാഅത്ത്) സംഘമാണ്. ഞാനും എന്റെ സ്വഹാബത്തും ഏതൊന്നിൽ നിലകൊണ്ടോ അതിൻമേൽ നിലക്കൊള്ളുന്നവരാണത്." സത്യവിശ്വാസികളുടെ മാർഗ്ഗം പിൻതുടരുക എന്നു പറഞ്ഞാൽ അത് കൊണ്ടുദ്ദേശിച്ചത്, സച്ചരിതരായ ഖുലഫാഉർറാഷിദ:യുടെ ചര്യകളാണ്. അതേപോലെ അല്ലാഹുവിന്റെ റസൂലിന്റെ അനുചരൻമാരായ സ്വാഹാബത്തിന്റെ മാർഗ്ഗവുമാണ്. അവരുടെ മാർഗ്ഗം പിൻപറ്റൽ എല്ലാ തരത്തിലുള്ള വഴികേടുകളിൽ നിന്നും അതേപോലെ തന്നെ (ബിദ്അത്തുകൾ) പുത്തനാചാരങ്ങളിൽ നിന്നുമുള്ള സംരക്ഷണ കവചമാണ്. ആത്മബന്ധവും ബന്ധവിച്ഛേദനവും ബന്ധം സ്ഥാപിക്കുന്നതിന്റെയും ബന്ധം വിച്ഛേദിക്കുന്നതിന്റെയും മാനദണ്ഡവും അടിസ്ഥാനവും ഇസ്‌ലാം ആയിരിക്കണം. അല്ലാത്ത മറ്റൊന്നാകാൻ പാടില്ല. അല്ലാഹുവിലും റസൂലിലും വിശ്വസിച്ചവനായ ഒരുവൻ അവൻ എവിടെയാകട്ടെ അവനോട് ബന്ധം പുലർത്തേണ്ടത് നിർബന്ധമാണ.് എന്നാൽ, അല്ലാഹുവിലും റസൂലിലും അവിശ്വസിച്ചവൻ എവൻ എവിടെയുള്ളവനാകട്ടെ അവനുമായി ബന്ധം വിച്ഛേദിക്കേണ്ടതും അനിവാര്യമാണ്. ഇനി ഒരാളിൽ വിശ്വാസമുണ്ട്, എന്നാൽ അതോടൊപ്പം വിശ്വാസത്തിന്റെ താൽപര്യത്തിന് നിരക്കാത്ത 'ഫുജൂറും' അയാളിൽ സമ്മേളിച്ചിട്ടുണ്ട്. എങ്കിൽ, അയാളുടെ വിശ്വാസത്തിന്റെ തോതനുസരിച്ച് മാത്രം അയാളോട് ബന്ധം പുലർത്തുകയും അയാളുടെ ഫുജൂറിന്റെ കണക്കനുസരിച്ച് അയാളിൽ നിന്ന് അകന്ന് നിൽക്കുകയും വേണം. ഇസ്‌ലാമിന്റെ മാർഗ്ഗമല്ലാത്ത മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നവരുമായി ഒരാൾ 'മുവാലാത്ത്' വച്ച് പുലർത്തുക വഴി അയാൾ തന്റെ തൗഹീദിനെയും വിശ്വാസത്തെയും പിരിയുടച്ചു കളയുകയാണ് ചെയ്യുന്നത്. അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, യഹൂദരെയും ക്രൈസ്തവരെയും നിങ്ങൾ ഉറ്റ മിത്രങ്ങളായി സ്വീകരിക്കരുത്. അവരാകട്ടെ അന്യോന്യം ഉറ്റമിത്രങ്ങളാണ് താനും. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ ഉറ്റമിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽപ്പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല തീർച്ച." (മാഇദ 51) ഇനി, ആരുമായാണ് ആത്മബന്ധം സ്ഥാപിക്കേണ്ടതെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അത് ഇപ്രകാരമാണ്: "ആല്ലാഹുവും അവന്റെ ദൂതനും താഴ്മയുള്ളവരായിക്കൊണ്ട് നമസ്ക്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന സത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ. വല്ലവനും അല്ലാഹുവേയും അവന്റെ ദൂതനെയയും സത്യവിശ്വാസികളേയും മിത്രങ്ങളായി

സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷിതന്നെയാണ് വിജയം നേടുന്നവർ.” (മാഇദ 55, 56) അല്ലാഹു വീണ്ടും പറയുന്നു: ”ഹേ സത്യവിശ്വാസികളേ! എന്റെ ശത്രുവും നിങ്ങളുടെ ശത്രുവും ആയിട്ടുള്ളവരോട് സ്നേഹബന്ധം സ്ഥാപിച്ചുകൊണ്ട് നിങ്ങൾ അവരെ മിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾക്കു വന്നു കിട്ടിയിട്ടുള്ള സത്യത്തിൽ അവർ അവിശ്വസിച്ചിരിക്കുകയാണ്.” (മുംതഹിന: 1) ആല്ലാഹുവിനോടും അവന്റെ റസൂലിനോടും യുദ്ധം ചെയ്യുന്ന സത്യനിഷേധികളേയും ബഹുദൈവവിശ്വാസികളേയും ആത്മമിത്രങ്ങളായി സ്വീകരിക്കുന്നതിനെ വിലക്കുകയാണ് ഈ വചനത്തിലൂടെ അല്ലാഹു. അല്ലാഹു വീണ്ടും പറയുന്നു: ”സത്യവിശ്വാസികളെയല്ലാതെ സത്യനിഷേധികളെ മിത്രങ്ങളാക്കി വെക്കരുത്. അങ്ങനെ വല്ലവനും ചെയ്യുന്ന പക്ഷം അല്ലാഹുവുമായി അവന് യാതൊരു ബന്ധവുമില്ല.” (ആലു ഇംറാൻ 28) സത്യവിശ്വാസികളെ കൂടാതെ സത്യനിഷേധികളെ ആത്മമിത്രങ്ങളാക്കിയവർ തീർച്ചയായും അല്ലാഹുവുമായുള്ള ബന്ധം വിച്ഛേദിച്ചിരിക്കുന്നു എന്നാണ് മേൽ പറഞ്ഞ വചനത്തിലൂടെ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നത്. അപ്പറഞ്ഞതിൽ വ്യക്തമായ താക്കീതും മുന്നറിയിപ്പും അടങ്ങിയിട്ടുണ്ട്. ഈയൊരു വിഷയത്തിൽ ഖലീലുല്ലാഹി ഇബ്റാഹിം(അ)ന്റെയും അദ്ദേഹത്തിന്റെ ഒപ്പമുണ്ടായിരുന്ന വിശ്വാസികളുടെയും മാതൃക സ്വീകരിക്കാനാണ് നാം കൽപ്പിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറഞ്ഞു: ”നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: ”നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്ന് തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നേന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു.” (മുംതഹിന 4) അല്ലാഹു വീണ്ടും നമ്മെ ഉണർത്തി: ”സത്യവിശ്വാസികളേ! നിങ്ങളുടെ പിതാക്കളും നിങ്ങളുടെ സഹോദരങ്ങളും സത്യവിശ്വാസത്തേക്കാൾ സത്യനിഷേധത്തെ പ്രിയങ്കരമായി കരുതുകയാണെങ്കിൽ അവരെ നിങ്ങൾ രക്ഷാകർത്താക്കളായി സ്വീകരിക്കരുത്. നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ രക്ഷാകർത്താക്കളായി സ്വീകരിക്കുന്ന പക്ഷം അവർ തന്നെയാണ് അക്രമികൾ. (നബിയേ) പറയുക. നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രൻമാരും സഹോദരൻമാരും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനേക്കാളും അവന്റെ മാർഗ്ഗത്തിലുള്ള സ്മരണയേക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപ്പന കൊണ്ട് വരുന്നതു വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല.” (തൗബ 23, 24) സത്യനിഷേധികൾ അവർ പിതാക്കളോ മക്കളോ ആരായിരുന്നാലും അവരിൽ നിന്നും വേറിട്ടു നിൽക്കാനാണ് അല്ലാഹു കൽപ്പിച്ചിരിക്കുന്നത്. സത്യവിശ്വാസത്തിന് പകരം സത്യനിഷേധത്തെ സ്വീകരിച്ചവരാണെങ്കിൽ അവരുമായി ആത്മബന്ധം പുലർത്തുന്നതിനെ അവൻ

വിലക്കിയിരിക്കുകയാണ്. പിന്നെ അല്ലാഹു തന്റെ റസൂലിനോട് കൽപിച്ചിരിക്കുന്നത്, അല്ലാഹുവേക്കാളും താൻ തിരഞ്ഞെടുത്തിരിക്കുന്നത് സ്വന്തം കുടുംബത്തേയും കൂട്ടുകുടുംബക്കാരെയുമൊക്കെയാണെങ്കിൽ അത്തരക്കാർ സ്വയം കരുതിയിരിക്കാനും അവന് വന്ന് ഭവിക്കാനുള്ള അല്ലാഹുവിന്റെ ശിക്ഷയും നാശവും പ്രതീക്ഷിച്ചിരിക്കാനും വേണ്ടി പറയാനാണ്. അല്ലാഹു പറഞ്ഞു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ പുത്രൻമാരോ സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അത്തരക്കാരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽ നിന്നുള്ള ഒരാത്മചൈതന്യം കൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു." (മുജാദില 22) ഈ സൂക്തം അബൂഉബൈദ്(റ)ന്റെ കാര്യത്തിൽ ഇറങ്ങിയതാണ്. അദ്ദേഹം തന്റെ പിതാവിനെ ബദർ ദിനത്തിൽ കൊന്നു. അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്ത് നിൽക്കുന്നവരോട് സ്നേഹബന്ധം പുലർത്തുന്നവർ സത്യവിശ്വാസികൾക്കിടയിൽ ഉണ്ടാകില്ല എന്ന വിശദീകരണമാണ് ഈ സംഭവത്തിലടങ്ങിയിരിക്കുന്നത്. അല്ലാഹുവിന്റെ ശത്രുക്കളുമായുള്ള ആത്മബന്ധവും സ്നേഹബന്ധവും ഒഴിവാക്കിയവരാരോ അക്കൂട്ടരുടെ ഹൃദയത്തിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അല്ലാഹുവിന്റെ പ്രത്യേക പരിഗണണന കൊണ്ടു അവരെ അവൻ അലങ്കരിക്കുകയും ചെയ്തിരിക്കുന്നു എന്നതാണ് അല്ലാഹു നൽകിയ വാഗ്ദാനം. അംറിബ്നുൽ ആസ്(റ) പറഞ്ഞു: "നബി(സ്വ) രഹസ്യമല്ലാതെ ഉറക്കെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: അറിയുക. തീർച്ചയായും എന്റെ പിതാവിന്റെ കുടുംബം-ഇന്നയാളെയാണ് ഉദ്ദേശിക്കുന്നത്-എനിക്ക് ആത്മമിത്രങ്ങളല്ല. തീർച്ചയായും എന്റെ ആത്മമിത്രങ്ങൾ അല്ലാഹുവും സച്ചരിതരായ വിശ്വാസികളുമാകുന്നു." (മുസ്ലിം) ക്വാളി ഇയാദ് പറഞ്ഞു: "ഇവിടെ സൂചിപ്പിക്കപ്പെട്ടത് ഹകമ്ബിനു അബീൽ ആത്വ് ആണെന്ന് പറയപ്പെടുന്നു. ഇമാം നവവി ഈ ഹദീസിന് ഹെഡ്ഡിംഗ് നൽകിയത്, 'സത്യവിശ്വാസികളോട് ബന്ധം പുലർത്തലും മറ്റുള്ളവരോട് ബന്ധം മുറിക്കലും അവരുമായി വിട്ട് നിൽക്കലും' എന്നാണ്. ഗുണനാമ വിശേഷണങ്ങളിലെ തൗഹീദ്. അഥവാ, അല്ലാഹുവിന്റെ ഏകത്വം വിശുദ്ധ ക്വുർആനിലും നബി(സ്വ)യുടെ സ്വഹീഹായ ഹദീസുകളിലും വന്നിട്ടുള്ള അല്ലാഹുവിന്റെ എല്ലാ നാമങ്ങളേയും ഗുണവിശേഷണങ്ങളേയും നാം വിശ്വസിക്കണം. അവയെ ഏതെങ്കിലും വിധത്തിൽ നിഷേധിക്കുകയോ ഏതെങ്കിലും സൃഷ്ടികളുമായി അതിനെ തുലനപ്പെടുത്തുകയോ സാദൃശ്യപ്പെടുത്തുകയോ ചെയ്യാതെയാണ് വിശ്വസിക്കേണ്ടത്. അല്ലാഹുവിന്റെ സമുന്നതമായ സത്തയെ സംബന്ധിച്ചുള്ള നമ്മുടെ വിശ്വാസപരമായ അറിവിന്റെ ഒരു ഉപ വിഭാഗമെന്ന നിലയിലാണ് അവന്റെ ഗുണ-നാമ-വിശേഷണങ്ങൾ സംബന്ധിച്ചുള്ള കാര്യങ്ങളെ കുറിച്ചുള്ള വിശ്വാസവും ഉണ്ടാകേണ്ടത്. ഒരു നിശ്ചിത രൂപം മനസ്സിൽ നിരൂപിച്ചു കൊണ്ടല്ല അവന്റെ സത്തയെ സംബന്ധിച്ച് നാം വിശ്വസിക്കുന്നത്. അതേപോലെ തന്നെയാണ് അവന്റെ ഗുണ-നാമ-വിശേഷണങ്ങളെ സംബന്ധിച്ച് നാം വിശ്വസിക്കേണ്ടതും. അഥവാ, അതിനും രൂപഭാവങ്ങൾ

സങ്കൽപിക്കാൻ പാടില്ല. സച്ചരിതരായ സലഫും പൂർവ്വസൂരികളായ ഇമാമിങ്ങളും നിലകൊണ്ട സത്യപൂർണ്ണമായ നിലപാട് അപ്രകാരമായിരുന്നു. അല്ലാഹുവിന്റെ ഗുണ വിശേഷണങ്ങളെ സൃഷ്ടികളുമായി സാദൃശ്യപ്പെടുത്തുകയും തുലനപ്പെടുത്തുകയും ചെയ്തുകൊണ്ട് ഗുണ-നാമങ്ങളെ സ്വീകരിക്കുന്ന കാര്യത്തിൽ തീവ്രത കാണിച്ചവരുടെ നിലപാടിന്റെയും മറുഭാഗത്ത് അല്ലാഹുവിന്റെ പരിശുദ്ധിക്ക് കോട്ടം തട്ടുമോ എന്ന രീതിയിൽ അവന്റെ ഗുണ-നാമ വിശേഷണങ്ങൾക്ക് വ്യാഖ്യാനം നൽകുകയും നിഷേധിക്കുകയും ചെയ്യുന്നവരുടെ നിഷേധാത്മക തീവ്ര നിലപാടിന്റെയും മധ്യേയുള്ള നിലപാടാണ് ഇക്കാര്യത്തിൽ സലഫുകൾ പിന്നതുടർന്നുപോന്നത്. അല്ലാഹു പറഞ്ഞു: "അവനെപ്പോലെ യാതൊന്നുമില്ല. അവൻ (എല്ലാം) കേൾക്കുന്നവനും കാണുന്നവനുമാകുന്നു." (ശൂറാ 11) അവനെപ്പോലെ ഒന്നുമില്ല എന്ന മേൽ സൂക്തത്തിലെ പരാമർശത്തിലൂടെ അവന്റെ നാമ-ഗുണങ്ങളെ സാദൃശ്യപ്പെടുത്തുന്നതിനേയും തുലനപ്പെടുത്തുന്നതിനേയും ഇവിടെ അല്ലാഹു നിഷേധിച്ചിരിക്കുകയാണ്. അതേപോലെ അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവുമാണെന്ന് എന്ന പരാമർശത്തിലൂടെ സ്വിഫത്തുകളെ നിഷേധിക്കുന്നതിനേയും വ്യാഖ്യാനിക്കുന്നതിനേയും അല്ലാഹു ഇവിടെ നിരാകരിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ഏറ്റവും നല്ല പേരുകൾ (അസ്മാഉൽ ഹുസ്ന) കൊണ്ട് അവനോട് പ്രാർത്ഥിക്കാനാണ് അല്ലാഹു നമ്മോട് കൽപിച്ചിരിക്കുന്നത്. (അഥവാ, അവന് നാമങ്ങൾ ഉണ്ടെന്നാണതിന്റെ അർത്ഥം) അതേപോലെ, അവന്റെ നാമത്തെ വ്യാഖ്യാനിച്ചും നിഷേധിച്ചും അതിൽ കൃത്രിമം കാണിക്കുന്നവരെയൊക്കെ ഉപേക്ഷിക്കണം എന്നാണ് അല്ലാഹു നമ്മോട് കൽപിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നതിങ്ങനെ: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക. അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്ക് വഴിയെ നൽകപ്പെടും." (അഅ്റാഫ് 180) അല്ലാഹു പറഞ്ഞു: "ആകയാൽ, അല്ലാഹുവിന് നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല." (നഹ്ൽ 74) വീണ്ടും അല്ലാഹു പറയുന്നു: "പരമകാരുണികനായ (അല്ലാഹു) അർശിൽ ഇസ്തിവാഅ് ചെയ്തിരിക്കുന്നു." (ത്വാഹ 5) എന്താണ് ഈ ഇസ്തിവാഅ് എന്നതിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇമാം അലിക്ക്(റഹി)യും മറ്റ് പല സലഫുകളും പറഞ്ഞത്, അല്ലാഹുവിന്റെ ഇസ്തിവാഅ് എന്ന കാര്യം (പ്രമാണങ്ങൾ കൊണ്ട്) അറിയപ്പെട്ടതാണ്, അതിന്റെ രൂപം അറിയാൻ പറ്റാത്തതാണ്, എന്നാൽ അത് സംബന്ധിച്ച് വിശ്വസിക്കൽ നിർബന്ധവുമാണ്, അതിനെക്കുറിച്ച് ചോദിക്കൽ ബിദ്അത്ത് അഥവാ പുത്തൻ ആശയമാണ് എന്നായിരുന്നു. സൃഷ്ടികളുടെ മേലുള്ള തന്റെ ഔന്നിത്യം സൂചിപ്പിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു: "അവൻ തന്റെ അടിമകളുടെ മേൽ പരമാധികാരമുള്ളവനാകുന്നു." (അൻആം 18) അല്ലാഹു വീണ്ടും പറഞ്ഞു: "അവർക്ക് മീതെയുള്ള അല്ലാഹുവിനെ അവർ ഭയപ്പെടുന്നു." (നഹ്ൽ 50) നബി(സ്വ) പറഞ്ഞു: "അല്ലാഹു സൃഷ്ടിപ്പ് പൂർത്തീകരിച്ചപ്പോൾ ഒരു ഗ്രന്ഥത്തിൽ അവൻ എഴുതി വച്ചു. അത് (ആ ഗ്രന്ഥം) അർശിന് മേലെ അവന്റെ അരികിലാണുള്ളത്. എന്റെ കാരുണ്യം എന്റെ കോപത്തെ മുൻകടന്നിരിക്കുന്നു

(എന്നാണതിലുള്ളത്).” (ബുഖാരി, മുസ്ലിം) നാമവിശേഷണങ്ങൾ: ഭാഷാപ്രയോഗത്തിലെ സാമ്യതയും ആശയതലത്തിലെ അന്തരവും നാമങ്ങളും വിശേഷണങ്ങളും പറയുമ്പോൾ അതുൾകൊള്ളുന്ന ഭാഷാപരമായ സമാനത നോക്കിക്കൊണ്ട് ഒരേ നാമവിശേഷണങ്ങൾ നൽകപ്പെട്ട വസ്തുതകളൊക്കെ ആശയപരമായി ഒരേപോലെ തുല്യമാണെന്ന് ഒരിക്കലും മനസ്സിലാക്കി കൂടാത്തതാണ്. ഒരു വിശേഷണം ഏതിലേക്കാണോ ചേർക്കപ്പെടുന്നത് അതിനനുസരിച്ച് അതിന്റെ ആശയം മാറിക്കൊണ്ടിരിക്കും. ഉദാഹരണം, ഈച്ച ഒരു ചെറിയ ജീവിയാണ്. അതിന് ശരീരമുണ്ട്. ശക്തിയുമുണ്ട്. അതേപോലെ ആനക്കുമുണ്ട് ശക്തിയും ശരീരവും. എന്നാൽ ഇവ തമ്മിൽ എന്ത് മാത്രം അന്തരമുണ്ട്! ആനയെ അപേക്ഷിച്ച് ഈച്ചയുടെ ശരീരവും ശക്തിയും എവിടെ കിടക്കുന്നു?! സൃഷ്ടിലോകത്തുള്ള ജീവികളുടെയും വസ്തുക്കളുടെയും വിശേഷണങ്ങൾ തമ്മിൽ ഇത്രമാത്രം വലിയ അന്തരം നാം അനുഭവിച്ചറിയുമ്പോൾ പിന്നെ സ്രഷ്ടാവിന്റെ വിശേഷണങ്ങളും സൃഷ്ടികളുടെ വിശേഷണങ്ങളും തമ്മിലുള്ള ഭാഷാപരമായ സാമ്യതകൾ നോക്കി രണ്ടും ഒരേപോലെയാണെന്ന് എങ്ങനെ നിരൂപിക്കാൻ പറ്റും? കാഴ്ച, കേൾവി എന്നീ വിശേഷണങ്ങളെ ഉദാഹരണമായെടുക്കാം. ഈ രണ്ട് വിശേഷണങ്ങളും അല്ലാഹുവിനുണ്ടെന്ന് അവൻ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു: ”തീർച്ചയായും അല്ലാഹു കേൾക്കുന്നവനും കാണുന്നവനുമാകുന്നു.” (നിസാഅ് 58) ഇതേ വിശേഷണങ്ങൾ അല്ലാഹു മനുഷ്യരിലേക്കും ചേർത്തി പറഞ്ഞിട്ടുണ്ട്. അത് ഇപ്രകാരമാണ്: ”തീർച്ചയായും സങ്കലിത ബീജത്തിൽ നിന്നാണ് മനുഷ്യനെ നാം പടച്ചത്. അങ്ങനെ നാം അവനെ കേൾക്കുന്നവനും കാണുന്നവനുമാക്കി.” (ഇൻസാൻ 2) അതേയവസരം, അല്ലാഹുവിന്റെ കേൾവിയേയോ, കാഴ്ചയേയോ പോലെയാക്കുന്നതിനെ അല്ലാഹു നിരാകരിക്കുകയും ചെയ്തു. അത് ഇപ്രകാരമാണ്: ”അവനെപ്പോലെ മറ്റൊന്നുമില്ല. അവൻ (എല്ലാം) കേൾക്കുന്നവനും കാണുന്നവനുമാകുന്നു.” (ശൂറാ: 11) മനുഷ്യർക്കും മറ്റ് ജീവികൾക്കും കേൾവിയും കാഴ്ചയുമുണ്ട്. ആ കാഴ്ചക്കും കേൾവിക്കുമൊക്കെ പരിധികളും പരിമിതികളുമുണ്ട്. എന്നാൽ, അല്ലാഹുവിന്റേതാകട്ടെ സ്ഥലകാല പരിമിതികൾക്കും മറ്റെല്ലാ പരിമിതികൾക്കുമൊക്കെ അതീതമായതും അതേപ്രകാരം മറ്റൊന്നുമായി തുലനപെടുത്താൻ കഴിയാത്തവണ്ണം മഹത്വരവുമാണ്. അതേപോല ഇൽമ് അഥവാ അറിവ് എന്നത് അല്ലാഹുവിനുള്ള ഒരു ഗുണമാണ്. അല്ലാഹുവിന്റെ ഇൽമിനെ പറ്റി അവൻ പറയുന്നു: ”തീർച്ചയായും നിങ്ങൾ അവരെ ഓർക്കുന്നു എന്നത് അല്ലാഹു അറിഞ്ഞിരിക്കുന്നു.” (ബക്വറ 235) ഈ ആയത്തിൽ തനിക്ക് ഇൽമ് (അറിവ്) ഉണ്ടെന്ന് അല്ലാഹു സ്ഥിരീകരിച്ചത് പോലെത്തന്നെ മറ്റൊരു സൂക്തത്തിൽ തന്റെ അടിമകൾക്കും ഇൽമ് ഉണ്ടെന്ന് അല്ലാഹു സ്ഥിരീകരിച്ചിട്ടുണ്ട്. അതിങ്ങനെയാണ്: ”അവർ വിശ്വാസികളാണെന്ന് നിങ്ങൾ അറിഞ്ഞാൽ പിന്നെ അവരെ നിങ്ങൾ സത്യ നിഷേധികളിലേക്ക് തിരിച്ചയക്കരുത്.” (മുംതാഹിന 10) എന്നാൽ ഈ പരാമർശിക്കപ്പെട്ട രണ്ട് അറിവുകളും ഒരുപോലെയല്ല. അല്ലാഹു അവനെക്കുറിച്ച് പറഞ്ഞു: ”അല്ലാഹു മാത്രമാണ് നിങ്ങളുടെ ഇലാഹ്. എങ്ങനെയുള്ളവനാണവനെന്നാൽ, അവനല്ലാതെ യാതൊരാരാധ്യനമില്ല. അവന്റെ അറിവ് എല്ലാത്തിനെയും വിശാലമായി ഉൾകൊള്ളുന്നതാകുന്നു.” (ത്വാഹ: 98) ആദം സന്തതികളെപ്പറ്റി അല്ലാഹു പറഞ്ഞു:

"അറിവിൽ നിന്ന് കുറച്ച് മാത്രമേ നിങ്ങൾക്ക് നൽകപ്പെട്ടിട്ടുള്ളൂ (എന്ന്)." (ഇസ്റാഅ്: 85) അല്ലാഹുവിന്റെ ഗുണ-നാമ-വിശേഷണങ്ങളെ പറ്റി മനസ്സിലാക്കുന്ന വിഷയത്തിൽ വർത്തമാന ലോകത്ത് രണ്ട് വിഭാഗം ആളുകളെ കാണാവുന്നതാണ്. ഒരു വിഭാഗക്കാർ വളരെ വഷളായ വിധത്തിൽ ഇക്കാര്യത്തിൽ അതിര് കവിഞ്ഞ നിലപാടുള്ളവരാണ്. വിഷയ സംബന്ധമായി ആളുകൾക്കിടയിൽ അവർ വ്യപകമായ ഭിന്നതയും കുഴപ്പങ്ങളുമുണ്ടാക്കി. മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്ത വിധമുള്ള സാങ്കേതിക തത്വങ്ങളും വിശദീകരണങ്ങളും അവർ നൽകി. അവരുണ്ടാക്കിയ തർക്കങ്ങളും ആശയക്കുഴപ്പങ്ങളും തിട്ടപ്പെടുത്താൻ അല്ലാഹുവിനേ സാധിക്കൂ. മുസ്‌ലിംകൾ തമ്മിലുള്ള ബന്ധത്തിന്റെയും ബന്ധവിച്ഛേദനത്തിന്റെയും അടിസ്ഥാനമാക്കി അവരതിനെ മാറ്റുകയും ചെയ്തു. രണ്ടാമത്തെ വിഭാഗമാകട്ടെ, വിഷയത്തെ അവഗണിച്ചവരാണ്. വിഷയത്തിന്റെ മൂല്യത്തെ തന്നെ അവർ പാടെ പാർശ്വവൽക്കരിച്ചു. ഗുണ-നാമ-വിശേഷണങ്ങളെ കുറിച്ചുള്ള ചർച്ച തന്നെ അവർ പാടില്ലെന്ന് വച്ചു. മനുഷ്യർക്ക് പ്രവേശിക്കാൻ പാടില്ലാത്ത ഒരു കുഴപ്പത്തിന്റെ വിഷയമാക്കി അവരതിനെ കണ്ടു. വിഷയം സംബന്ധിച്ചുള്ള ശരിയായ വീക്ഷണം പറഞ്ഞവർക്കെതിരെ അല്ലാഹുവിന്റെ കോപമഴ വർഷിക്കാൻ അവർ തേടി. ഇവരുടെ ഈ നിലപാട് തീർച്ചയായും ഒരു വരണ്ട നിലപാടാണ്. സൂറത്തുൽ ഇഖ്‌ലാസ് വിശുദ്ധ ക്വുർആനിന്റെ മൂന്നിലൊന്നാണ് എന്ന് ഇവർ മനസ്സിലാക്കണം. അല്ലാഹുവിന്റെ നാമങ്ങളെക്കുറിച്ചും വിശേഷണങ്ങളെപ്പറ്റിയും മാത്രമാണ് അതിൽ പരാമർശിക്കപ്പെട്ടത്. ആയത്തുൽ കുർസിയും അപ്രകാരം തന്നെ. വിശുദ്ധ ക്വുർആനിലെ ഏറ്റവും മഹത്തായ ആയത്തെന്നാൽ അല്ലാഹുവെ പറ്റിയുള്ള വിശദീകരണവും അവന്റെ അസ്മാഅ്-സ്വിഫാത്തുകളെ (നാമ വിശേഷണങ്ങൾ) പറ്റിയുള്ള സംസാരവുമാണ് അതിൽ അടങ്ങിയിരിക്കുന്നത്. ആ നിലക്ക് ഈ വിഷയ സംബന്ധമായ അറിവ് നേടുകയെന്നത് പ്രധാനം തന്നെ. അത് അവഗണിക്കേണ്ട ഒരു വിഷയമല്ല. നീതിമാൻമാരായ സന്തുലിത നിലപാടുകാരാവട്ടെ, ഈ രണ്ടു വിഭാഗക്കാരുടേയും വീക്ഷണങ്ങളുടെ ഇടയിലുള്ള ഒരു മധ്യമ നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. വിശ്വാസപരമായ ഈ വിഷയത്തിൽ ഗവേഷണപടുക്കളെപ്പോലെ അഗാധമായി ഇറങ്ങിച്ചെല്ലാൻ അവർ ശ്രമിച്ചില്ല. അതേപോലെ വിഷയത്തെ പാടേ അവഗണിക്കുന്ന വരണ്ട നിലപാടുകാരുടെ സമീപനവും അവർ സ്വീകരിച്ചില്ല. മറിച്ച്, പൊതുസമൂഹത്തെ അവർ നിർബന്ധിച്ചത് അവ്യക്തതയും ആശയക്കുഴപ്പവും ഇല്ലാത്ത സ്ഥിരപ്പെട്ട വാക്യങ്ങളിൽ അവലംബിക്കാനാണ്. അതിനപ്പുറമുള്ള അഥവാ, സാധാരണ ജനങ്ങളുടെ ബുദ്ധിക്ക് എത്തിപ്പിടിക്കാനാവാത്ത സൂക്ഷ്മമായ വശങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച കാര്യങ്ങൾ വിവരമുള്ള ആളുകളിലേക്ക് വിട്ട് കൊടുക്കണം എന്നാണവർ പറഞ്ഞത്. ഇത് സംബന്ധമായ ഗവേഷണങ്ങൾക്ക് യോഗ്യരായവർ പ്രവീണരായ പണ്ഡിതന്മാരാണ്. അതേയവസരം, ഈ കാലഘട്ടത്തിൽ മുസ്‌ലിം ഉമ്മത്തിനെ മൂടിപ്പൊതിഞ്ഞ ഈ ഫിത്നയുടെ യാഥാർത്ഥ്യങ്ങളെ അവർ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. കാര്യങ്ങളിൽ ആശയക്കുഴപ്പവും അവ്യക്തതയും ഉണ്ടാക്കിയിട്ടുള്ള സംഗതികളെ കുറിച്ച് അവർ മൗനമലംബിച്ചിട്ടില്ല. മറിച്ച്, ആളുകൾക്ക് ഇക്കാര്യത്തിൽ യാഥാർത്ഥ്യം മനസ്സിലാക്കാനുതകുന്ന തരത്തിൽ ഗ്രന്ഥ രചനയും മറ്റ് പ്രബോധന

മാർഗ്ഗങ്ങളും ഉപയോഗിച്ചു കൊണ്ട് ആളുകളുടെ ബുദ്ധിക്ക് ഉൾകൊള്ളാൻ കഴിയും വിധം വിഷയസംബന്ധമായ മസ്അലകൾ അവർ വിശദീകരിച്ചു കൊടുക്കുന്നുണ്ട്. ശിർക്ക്: അഥവാ ബഹുദൈവത്വത്തിന്റെ ഇനങ്ങൾ ശിർക്ക് രണ്ടിനമാണെന്ന് നാം വിശ്വസിക്കുന്നു. (ഒന്ന്) ശിർക്കുൽ അക്ബർ അഥവാ, വലിയ ശിർക്ക്. അത് അക്രമങ്ങളിൽ വെച്ച് ഏറ്റവും വലിയ ആക്രമവും കുറ്റങ്ങളിൽ വെച്ച് ഏറ്റവും വലിയ കുറ്റവുമാകുന്നു. തൗബ ചെയ്തവനല്ലാതെ മറ്റാർക്കും അത് അല്ലാഹു പൊറുത്ത് കൊടുക്കുകയില്ല. എല്ലാ (സൽ)കർമ്മങ്ങളേയും തകർത്തു കളയുന്നതാണത്. ഈ ശിർക്ക് എന്നത് ചിലപ്പോൾ സംഭവിക്കുന്നത് ഇലാഹാക്കൽ വഴിയും ബലിയർപ്പിക്കൽ വഴിയുമാകും. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുകയും അവരോട് സഹായാർത്ഥന നടത്തുകയും ചെയ്യുകയോ അല്ലെങ്കിൽ അവർക്കായി ബലിയർപ്പിക്കുകയോ ചെയ്യുന്നതിലൂടെയാണിത് (വലിയ ശിർക്ക്) സംഭവിക്കുന്നത്. അതേപോലെ, അനുസരണം വഴിയും കീഴ്പ്പെടൽ അഥവാ വിധേയത്വം വഴിയും ചിലപ്പോഴത് സംഭവിക്കും. നിയമ നിർമ്മാണത്തിനുള്ള നിരുപാധികമായ അധികാരാവകാശം അല്ലാഹുവല്ലാത്തവർക്ക് നൽകലും ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അവർക്കുള്ള അനുസരണവും ശിർക്കിന്റെ ഭാഗമാണ്. (രണ്ട്): രണ്ടാമത്തേത് ശിർക്ക് അസ്ഗർ അഥവാ ചെറിയ ശിർക്കാണ്. ലോകമാന്യം അഥവാ (രിയാഅ്), അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യുന്നതിലെ ചില രൂപങ്ങൾ, വളയങ്ങൾ ധരിക്കലും ഏലസ്സുകൾ കെട്ടലും പോലെയുള്ളതൊക്കെ ഈ ഗണത്തിലാണ് പെടുക. മഹാപാപങ്ങളുടെ ഗണത്തിലാണവയൊക്കെ എണ്ണപ്പെടുന്നത്. ഈ വിഷയങ്ങളിൽ ഉൾകൊള്ളുന്ന പ്രവർത്തനങ്ങളെ അത് നിഷ്ഫലമാക്കിക്കളയും. അല്ലാഹു പറഞ്ഞു: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ (ശിർക്കാകുന്ന) അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് നിർഭയത്വമുള്ളത്. അവർ തന്നെയാണ് നേർമ്മാർഗം പ്രാപിച്ചവർ." (അൻആം 82) ആയത്തിൽ പരാമർശിച്ച 'ളുൽമ്' കൊണ്ടുള്ള ഉദ്ദേശ്യം ശിർക്കാണ്. ഈ ആയത്ത് അവതരിക്കപ്പെട്ടപ്പോൾ നബി(സ്വ)യുടെ സ്വാഹാബത്തിൽ പലർക്കും അത് പ്രയാസമുണ്ടാക്കി. അവർ ചോദിച്ചു. "ഞങ്ങളിൽ ആരുണ്ട് സ്വന്തം ആത്മാവിനോട് അക്രമം ചെയ്യാത്തവരായിട്ട്?" അപ്പോൾ അവിടുന്ന് പറഞ്ഞു: "അത് നിങ്ങൾ കരുതുന്നത് പോലെയല്ല. അതുകൊണ്ടുദ്ദേശിക്കപ്പെട്ടത് ശിർക്ക് ആണ്. ലുക്വ്മാൻ തന്റെ മകനെ ഉപദേശിച്ചത് നിങ്ങൾ കേട്ടിട്ടില്ലേ? മകനേ നീ ശിർക്ക് ചെയ്യരുത്. തീർച്ചയായും ശിർക്ക് മഹാഭയങ്കര ദുൽമ് (അക്രമ)മാകുന്നു." (ബുഖാരി) ഇലാഹാക്കുക എന്ന വകുപ്പിൽപ്പെട്ട ശിർക്കിലേക്ക് സൂചിപ്പിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു: "രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ തന്റെ നിയമത്തിന് വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധിവരേ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനാകുന്നു ആധിപത്യം. അവന് പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാട പോലും ഉടമപ്പെടുത്തുന്നുമില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകില്ല.

ഉയിർത്തെഴുന്നേൽപിന്റെ നാളുകളിലാകട്ടെ നിങ്ങൾ അവരെ പങ്കാളിയാക്കിയതിനെ അവർ നിഷേധിക്കുന്നതുമാകുന്നു. സൂക്ഷ്മജ്ഞാനമുള്ളവനെപ്പോലെ നിങ്ങൾക്ക് വിവരം തരാൻ ആരുണ്ട്?" (ഫാത്വിർ 13, 14) അനുസരണത്തിന്റേയും വിധേയത്വത്തിന്റേയും വകുപ്പിൽപ്പെട്ട ശിർക്കിലേക്ക് സൂചിപ്പിച്ചു കൊണ്ട് അല്ലാഹു പറയുന്നു. ..................... വീണ്ടും അല്ലാഹു പറയുന്നു: "ശവം നിഷിദ്ധമാക്കിയതിനെ ചുറ്റിപറ്റിക്കൊണ്ട് മുശ്രിക്കുകൾ മുസ്‌ലിംകളോട് നടത്തിയിട്ടുള്ള തർക്കത്തിന്റെ വിഷയത്തിലാണ് ഈ ആയത്ത് അവതരിപ്പിക്കപ്പെട്ടത്. നിങ്ങളുടെ കൈകൾ കൊണ്ട് കൊന്നതിനെ നിങ്ങളെങ്ങനെ തിന്നും. അല്ലാഹു അവന്റെ കൈകൾ കൊണ്ട് കൊന്നതിനെ തിന്നാതെ? എന്നായിരുന്നു അവർ ചോദിച്ചത്. (സ്വാഭാവികമായി ചത്തുപോയ ജീവികൾ അല്ലാഹുവിന്റെ കൈയാൽ കൊല്ലപ്പെട്ടതാണെന്നും അവയെ തിന്നാതിരിക്കുകയും എന്നാൽ സ്വന്തം കൈകൊണ്ട് അറുത്തതിനെ മാത്രമേ തിന്നുകയുള്ളൂ എന്ന മുസ്‌ലിംകളുടെ നിലപാടിനെയാണ് മുശ്രിക്കുകൾ ഇവിടെ ചോദ്യം ചെയ്തിരിക്കുന്നത്.) ശവം തിന്നുക എന്നത് കൊണ്ട് മാത്രം ശിർക്ക് സംഭവിക്കുകയില്ല എന്നത് അറിയപ്പെട്ട കാര്യമാണ്. എന്നാൽ, കുതർക്കം നിരത്തിക്കൊണ്ട് അല്ലാഹു ഹറാമാക്കിയ ശവം തിന്നുക എന്നുള്ള നിഷിദ്ധ കാര്യത്തെ (ഹറാം) അവർ അനുവദനീയമാക്കി എന്നതാണ് ഇവിടെ സംഭവിച്ചിട്ടുള്ള ശിർക്ക്. ശിർക്കുൽ അക്ബർ അഥവാ വലയ ശിർക്ക് എന്നത് മനുഷ്യന്റെ എല്ലാ കർമ്മങ്ങളേയും നിഷ്ഫലമാക്കിക്കളയുമെന്നതിലേക്ക് വെളിച്ചം നൽകിക്കൊണ്ട് അല്ലാഹു പറഞ്ഞു: "തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ. (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോവുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക." (സുമർ 65, 66) ശിർക്കുൽ അസ്ഗർ അഥവാ ചെറിയ ശിർക്കിലേക്കുള്ള സൂചനയിൽപ്പെട്ടതാണ് നബി(സ്വ)യുടെ വാക്ക്. നബി(സ്വ) പറഞ്ഞു: "തീർച്ചയായും നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറെ ഭയപ്പെടുന്നത് ശിർക്കുൽ അസ്ഗറാണ് (ചെറിയ ശിർക്ക്). അപ്പോൾ (സ്വഹാബത്ത്) ചോദിച്ചു. എന്താണ് റസൂലേ ഈ ശിർക്കുൽ അസ്ഗറെന്നാൽ? അപ്പോൾ അവിടുന്ന് പറഞ്ഞു: അത് 'രിയാഅ്' അഥവാ ലോകമാന്യമാണ്. ആളുകൾക്ക് അവരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം നൽകിക്കഴിഞ്ഞാൽ അല്ലാഹു പറയും: ദുനിയാവിൽ നിങ്ങൾ ലോകമാന്യം കാണിച്ചവരുടെ അരികിലേക്ക് നിങ്ങൾ പോയി നോക്കുക. അവരുടെ അടുക്കൽ വല്ല പ്രതിഫലവും നിങ്ങൾ കാണുന്നുണ്ടോ?" (അഹ്മദ്, ബൈഹകി) തന്റെ റബ്ബ് പറഞ്ഞതായി നബി(സ്വ) പറഞ്ഞു തരുന്നു: "ശിർക്ക് സംബന്ധിച്ചുള്ള എല്ലാ പങ്കുകാരിൽ നിന്നും ഞാൻ ഐശ്വര്യവാനാണ്. ആരെങ്കിലുമൊരാൾ വല്ല പ്രവർത്തിയും ചെയ്യുകയും എന്നോടൊപ്പം അതിൽ മറ്റുള്ളവരെ പങ്കാളിയാക്കുകയും ചെയ്താൽ അവനേയും അവന്റെ പങ്ക് ചേർക്കലിനെയും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു." (മുസ്‌ലിം) അപ്രകാരം തന്നെ അല്ലാഹു അവരെ പിടിച്ചു സത്യം ചെയ്യുന്നതിനെ പറ്റി നബി(സ്വ) പറഞ്ഞു: "അല്ലാഹുവല്ലാത്തവരെ പിടിച്ച് ആരെങ്കിലും സത്യം ചെയ്താൽ തീർച്ചയായും അവൻ അവിശ്വാസി (കാഫിർ) ആയിരിക്കുന്നു. അല്ലെങ്കിൽ അവൻ ശിർക്ക്

ചെയ്തു.” (തിർമിദി, അഹമദ്, ഹാക്കിം) ആരെ പിടിച്ചാണോ സത്യം ചെയ്യുന്നത് അവനിൽ (അതിൽ) അല്ലാഹുവിനോടുള്ളതു പോലെയുള്ള ‘തഅ്ദീം’ വന്ദിക്കൽ ഉദ്ദേശിക്കുന്നില്ലെങ്കിലാണത് കുഫ്റ് ആകുന്നത്. അല്ലെങ്കിൽ അതും ശിർക്ക് തന്നെയാണ്. ഏലസ്സ് കെട്ടുന്നതിനെ പറ്റി നബി(സ്വ) പറഞ്ഞു: ”വല്ലവനും ഏലസ്സ് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തിരിക്കുന്നു.” (അഹ്മദ്, ഹാകിം).